നം. D1-17728/17

സാമൂഹ്യ നിതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 21.06.2017
e-mail id swdkerala@gmail.com
Ph: 0471 2306040

സാമൂഹ്യ നിതി ഡയറക്ടർ
തിരുവനന്തപുരം

ജില്ലാ സാമൂഹ്യനീതി ഓഫീസർ
തൃശ്ശൂർ

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ക്ഷേമസ്ഥാപനങ്ങളിൽ യോഗപരിശീലനം - ജില്ലാതല നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്:

സൂചന :- തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 01.06.2017ലെ ബി - 2277/ 2017 നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ആയത് പ്രകാരം ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. യോഗപരിശീലകന്റെ യോഗ്യത സംബന്ധിക്കുന്ന വിവരങ്ങൾ?

   സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിൽ നിന്നും 200 മണിക്കൂറിൽ കുറയാത്ത യോഗ ടീച്ചർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പാസായിരിക്കണം.

2. പ്രൊപ്പോസലുകൾ ക്ഷണിക്കുമ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് സംഘടന / സ്ഥാപനങ്ങളിൽ നിന്നുള്ള പ്രൊപ്പോസലുകൾ കൂടി ഉൾപ്പെടുത്തേണ്ടതുണ്ടോ?

   സംഘടന / സ്ഥാപനങ്ങളിൽ നിന്നുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയാണെങ്കിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്ന പരിശീലകരെ സംബന്ധിച്ച വിവരങ്ങൾ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെടേണ്ടതും മേൽ പരാമർശിച്ച പ്രകാരമുള്ള യോഗ്യതകൾ ടി പരിശീലകർ നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും ആണ്.

3. അന്തേവാസികൾക്ക് ആഴ്ചയിൽ എത്രദിവസം പരിശീലനം നൽകേണ്ടതുണ്ട്?

   ആഴ്ചയിൽ 1 ദിവസം 1 മണിക്കൂർ വീതം 2 ദിവസത്തെ പരിശീലനം നൽകാവുന്നതാണ്.

4. യോഗ പരിശീലനം നടത്തുന്നതിന് ആവശ്യമായ യോഗ മാറ്റ് വാങ്ങേണ്ട തുക സംബന്ധിക്കുന്ന വിവരങ്ങൾ? യോഗ പരിശീലനം നടത്തുന്നതിന് എത്ര അന്തേവാസികൾ ഉണ്ടെന്ന് സ്ഥാപന സൂപ്രണ്ടുമാർ ഉറപ്പാക്കി അവർക്ക് ആവശ്യമുള്ള യോഗ മാറ്റ് വാങ്ങുന്നതിനുള്ള തുക കൂടി പ്രൊപ്പോസലിൽ ഉൾപ്പെടുത്തി നൽകുന്നതിന് എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

മേൽ പരാമർശ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർ അദ്ധ്യക്ഷനായും സ്ഥാപനസൂപ്രണ്ടുമാർ, യോഗ പരിശീലനം സംബന്ധിച്ച് അറിവുള്ളവർ എന്നിവർ അംഗങ്ങളായ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഇന്റർവ്യൂ നടത്തി പരിശീലകരെ തെരഞ്ഞെടുക്കാവുന്നതാണ്.

ആഴ്ചയിൽ ഒരു ദിവസം പരിശീലനം നൽകുന്നതിന് G.O (P)No. 28/16/Fin dated: 26.02.2016 പ്രകാരം സർക്കാർ ഫിസിക്കൽ ട്രെയിനിംഗ് പരിശീലകർക്ക് നിശ്ചയിച്ചിട്ടുള്ള ദിവസക്കൂലി വേതനമായി 750/- രൂപ അനുവദിക്കാവുന്നതാണ്.

പരിശീലകരെ തെരഞ്ഞെടുക്കുമ്പോൾ ജില്ലാ സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെടേണ്ടതും സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ പരിശീലകർ ലഭ്യമാണെങ്കിൽ തെരഞ്ഞെടുക്കാവുന്നതുമാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യ നിതി ഡയറക്ടർക്കുവേണ്ടി

**പകർപ്പ്:** 1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. എല്ലാ ക്ഷേമ സ്ഥാപന സൂപ്രണ്ടുമാർക്കും

SK/17